# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*387. 24.08.2017 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനൂപ് ജേക്കബ് : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
|---|---|
| (എ) ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ **വിമുക്തി** പദ്ധതിയ്ക്ക് 06.10.2016-ലെ ജി.ഒ. (എം.എസ്) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്).<br><br>മദ്യ-മയക്കുമരുന്ന്- പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ കടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ: വിശദമാക്കുമോ; | (ബി) | ഉണ്ട്. വിമുക്തിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കുടുംബശ്രീ മിഷൻ ഡയറക്ടർ അംഗമാണ്. കൂടാതെ ജില്ല എക്സിക്യൂട്ടീവ് കമ്മിറ്റിയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനതല കമ്മിറ്റികളിലും വാർഡുതല കമ്മിറ്റികളിലും (ജില്ല/ബ്ലോക്ക്, കോർപ്പറേഷൻ/ മുനിസിപ്പൽ/പഞ്ചായത്ത്) കുടുംബശ്രീ അംഗങ്ങളെയും കൂടി കമ്മിറ്റി അംഗങ്ങളായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ 40 ലക്ഷം ഭവനങ്ങളിൽ ലഹരിക്കെതിരായ സന്ദേശം ഉൾക്കൊള്ളുന്ന വിമുക്തി സ്റ്റിക്കറുകൾ പതിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എഫ്.എം റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യ പ്രക്ഷേപണം, കോളേജ് വിദ്യാർത്ഥികൾക്കായുള്ള ലഹരിവിരുദ്ധ ഷോർട്ട് ഫിലിം മത്സരം, കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ, ലോക പുകയില വിരുദ്ധദിനം മെയ് 31, അന്തരാഷ്ട്ര ലഹരി വിരുദ്ധദിനം ജൂൺ 26 എന്നീ ദിനാചരണങ്ങളുടെ ഭാഗമായി സംസ്ഥാന മൊട്ടാകെയുള്ള വ്യാപകമായ ബോധവ |

ത്ക്കരണ പ്രവർത്തനം, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശ മടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പാവനാടകം, എക്സൈസ് ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന ബോധവത്ക്കരണ നാടകം, വിമുക്തി തീം സോംഗ് തയ്യാറാക്കൽ, എന്നിവ നിലവിൽ നടത്തിയിട്ടുള്ളതാണ്. കൂടാതെ പാതയോര ങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സിയുടെ സഹകരണ ത്തോടെ ലഹരിക്കെതിരെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശ മുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ ക്യാംമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ

| | |
|---|---|
| | രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡീക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം



**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.94/2016/നി.വ** **തീയതി, തിരുവനന്തപുരം, 06.10.2016.**

**പരാമർശം :** 1) ജി.ഒ.(എം.എസ്) നം.139/2014/നി.വ., തീയതി 22.08.2014.
2) ജി.ഒ.(എം.എസ്) നം.174/2014/നി.വ. തീയതി 14.10.2014.
3) ജി.ഒ.(എം.എസ്) നം. 205/2014/നി.വ. തീയതി 20.12.2014.
4) 20478/ലെഗ്.എ 2/2014/നിയമം തീയതി 01.01.2015 നമ്പർ വിജ്ഞാപനം.

**ഉത്തരവ്**

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് ഒരു ബോധവത്ക്കരണ മിഷന് രൂപം നൽകുന്നത് സംബന്ധിച്ച് 2016-17 ലെ ഗവർണറുടെ നയപ്രഖ്യാപനത്തിലും, സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും, സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ബോധവത്ക്കരണ മിഷന് രൂപം നൽകുമെന്ന് സൂചിപ്പിച്ചിരുന്നു. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ബോധവത്ക്കരണ മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി.

2) മേൽപ്പറഞ്ഞ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി കേരള സംസ്ഥാന

ലഹരിവർജ്ജന മിഷൻ, **"വിമുക്തി"** രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ബഹു: മുഖ്യമന്ത്രി ചെയർമാനായ മേൽ മിഷന്റെ ഗവേണിംഗ് ബോഡിയിൽ വൈസ്ചെയർമാൻ ബഹു: എക്സൈസ് വകുപ്പ് മന്ത്രിയും, കൺവീനർ നികുതി വകുപ്പ്, സെക്രട്ടറിയുമായിരിക്കും. ആരോഗ്യം, തദ്ദേശസ്വയം ഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, കായികവും യുവജനക്ഷേമവും, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാസ്കാരിക കാര്യം, മത്സ്യബന്ധനം വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, കലാ കായിക സാംസ്കാരിക സാഹിത്യ-സന്നദ്ധ സംഘടനാപ്രതിനിധികൾ, പ്രസിഡന്റ് സ്പോർട്സ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ, പ്രസിഡന്റ് കേരള പഞ്ചായത്ത് അസോസിയേഷൻ എന്നിവരടക്കമുള്ളവർ മെമ്പർമാർ ആയിരിക്കും. ഇത്തരത്തിൽ രൂപീകരിക്കുന്ന മിഷന് ബഹു. എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം - സ്റ്റേറ്റ് ഭരണതലം- ജില്ലാതലം എന്നീ ഘടനകൾ ഉണ്ടായിരിക്കുന്നതുമാണ്. ലഹരിവർജ്ജന മിഷന്റെ ബ്രാൻഡ് അംബാസിഡർ പ്രശസ്ത ക്രിക്കറ്റ് താരം ശ്രീ.സച്ചിൻ ടെണ്ടുൽക്കർ ആണ്. മിഷന്റെ പൂർണ്ണമായ ഘടന **അനുബന്ധം-I** ആയി ചേർത്തിട്ടുണ്ട്.

3) മേൽപ്പറഞ്ഞ പ്രകാരം രൂപീകരിക്കുന്ന കമ്മിറ്റികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന കമ്മിറ്റികൾ മാസംതോറും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും, സംസ്ഥാന സമിതികൾ 3 മാസത്തിലൊരിക്കൽ കൂടി പ്രവർത്തനങ്ങൾ

വിലയിരുത്തുന്നതുമാണ്. **"വിമുക്തി"**യുടെ (കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ) പ്രവർത്തനങ്ങൾ സാമൂഹിക, ക്രിയാത്മകമായ ചുവടുവയ്പ്പുകൾ, സ്കൂൾ/കോളേജ്, വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാനങ്ങൾ, മദ്യവും - മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ്. പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരം **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു.

4) വിമുക്തിയുടെ മാർഗ്ഗരേഖ (Action Plan) സംസ്ഥാനതലം, ജില്ലാതലം, ബ്ലോക്ക്/ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലം, ഗ്രാമപഞ്ചായത്ത്/വാർഡ്തലം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ വിശദാംശം **അനുബന്ധം -III** ആയി ചേർത്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ-**'വിമുക്തി'** എന്ന ബൃഹത്തായ പദ്ധതിയ്ക്ക് മേൽപ്പറഞ്ഞ ഘടന, പ്രവർത്തനം, മാർഗ്ഗരേഖ എന്നിവ പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

6) വിമുക്തിയുടെ (കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ) പ്രാരംഭ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ കീഴിലെ അവെയർനസ് പ്രോഗ്രാം കോ-ഓർഡിനേഷൻ പദ്ധതിയ്ക്ക് കീഴിലെ ഉദ്യോഗസ്ഥ സംവിധാനവും അടിസ്ഥാന സൗകര്യങ്ങളും " 2039-00-001-95 Campaign against alcoholism (non-plan)" എന്ന ശീർഷകവും പ്രയോജനപ്പെടുത്തി ആരംഭിക്കുന്നതാണ്.

7) ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബീവറേജസ്

കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5% പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതുമാണ്. നടപ്പ് സാമ്പത്തിക വർഷം "വിമുക്തി" യുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ സമാഹരിച്ചു വരുന്ന 5% പുനരധിവാസ സെസ്സിൽ നിന്നും 100 കോടി രൂപ (നൂറ് കോടി രൂപ മാത്രം), ഘട്ടം ഘട്ടമായുള്ള പ്രവർത്തനം ഉൾപ്പെടെയുള്ള വിശദമായ ധനനിർവ്വഹണം സംബന്ധിച്ച നിർദ്ദേശം തീരുമാനിച്ചശേഷം അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**പി. മാരാപാണ്ഡ്യൻ**
**ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് സെക്രട്ടറി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം , തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം. (എല്ലാ ജോയിന്റ് & ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും)
ഡയറക്ടർ ജനറൽ ഓഫ് പോലീസ് (എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും)
ഡി.ഐ.ജി ( In charge of SPC)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
ഡയറക്ടർ, സാമൂഹിക സുരക്ഷാമിഷൻ
പ്രസിഡന്റ്, കേരള പഞ്ചായത്ത് അസോസിയേഷൻ
സംസ്ഥാന ലൈബ്രറി കൗൺസിൽ ,
എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യ വകുപ്പ് (891387/Exp.B2/16/Fin നം. പ്രകാരം)
നിയമ വകുപ്പ് (എല്ലാ ജില്ലാ ഗവ: പ്ലീഡർമാർക്കും)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & മീഡിയ) (പ്രസിദ്ധീകരണത്തിനായി)

ആരോഗ്യ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ വകുപ്പ്
ആഭ്യന്തര വകുപ്പ്
ധനകാര്യ വകുപ്പ്
ടൂറിസം വകുപ്പ്

} വകുപ്പ്തല മന്ത്രിമാർക്കും
അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
സെക്രട്ടറിമാർക്കും
വകുപ്പ്തല തലവന്മാർക്കും

കായികവും യുവജനക്ഷേമകാര്യവും വകുപ്പ്
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
സാംസ്കാരിക വകുപ്പ്
മത്സ്യബന്ധന വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
സ്പോർട്സ് കൗൺസിൽ,
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ ബഹു: മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

അനുബന്ധം- I

## മിഷൻ ഘടന

| ഗവേണിംഗ് ബോഡി | |
|---|---|
| ചെയർമാൻ | ബഹു. മുഖ്യമന്ത്രി |
| വൈസ് ചെയർമാൻ | ബഹു. എക്സൈസ്വകുപ്പ് മന്ത്രി |
| കൺവീനർ | സെക്രട്ടറി - ടാക്സസ് |
| മെമ്പർമാർ | ബഹു ആരോഗ്യ വകുപ്പ് മന്ത്രി, ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു ധനകാര്യ വകുപ്പ് മന്ത്രി, ബഹു. ടൂറിസം വകുപ്പ് മന്ത്രി,ബഹു സ്പോർട്സ് & യുവജന ക്ഷേമ വകുപ്പ് മന്ത്രി, ബഹു പട്ടികജാതി-പട്ടിക വർഗ്ഗ വികസന, സാംസ്കാരികവകുപ്പ് മന്ത്രി, ബഹു ഫിഷറീസ് വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, കലാകായിക സാംസ്കാരിക സാഹിത്യ-സന്നദ്ധ സംഘടനാപ്രതിനിധികൾ, പ്രസിഡന്റ്, സ്പോർട്സ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ, പ്രസിഡന്റ്, കേരള പഞ്ചായത്ത് അസോസിയേഷൻ. |

| എക്സിക്യൂട്ടീവ് കമ്മിറ്റി | |
|---|---|
| ചെയർമാൻ | ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| വൈസ് ചെയർമാൻ | അഡീഷണൽ ചീഫ് സെക്രട്ടറി (നികുതി വകുപ്പ്) |
| കൺവീനർ | എക്സൈസ് കമ്മീഷണർ |
| സ്റ്റേറ്റ് കോ-ഓർഡിനേറ്റർ | മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ |
| മെമ്പർമാർ | ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സ്പോർട്സ്, യുവജനക്ഷേമം, പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം-സാംസ്കാരികം, ഫിഷറീസ് വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, സെക്രട്ടറിമാർ, വകുപ്പുതല തലവന്മാർ.<br>കുടുംബശ്രീ മിഷൻ ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹിക സുരക്ഷ മിഷൻ, ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർ (അബ്കാരി)<br>തെരഞ്ഞെടുക്കപ്പെടുന്ന എം.പി.മാർ/ എം.എൽ.എ. മാർ തുടങ്ങിയവർ |

| .ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി | |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡ് |
| വൈസ് ചെയർമാൻമാർ | കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ |
| കൺവ്വീനർ | ജില്ലാ കലക്ടർ |
| ജോയിന്റ് കൺവീനർ | എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ |
| ജില്ലാ കോർഡിനേറ്റർ | ജില്ലാ മിഷൻ ഓഫീസർ |
| മെമ്പർമാർ | ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സ്പോർട്സ്, യുവജനക്ഷേമം, പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം-സാംസ്കാരികം, ഫിഷറീസ് വകുപ്പുകളുടെ ജില്ലാ തലവന്മാർ.<br>കുടുംബശ്രീ പ്രതിനിധികൾ, കലാ-കായിക-സാംസ്കാരിക-സാഹിത്യ-മാധ്യമ രംഗത്തെ പ്രതിനിധികൾ, സന്നദ്ധ സംഘടന പ്രതിനിധികൾ, ജില്ലാ ഗവൺമെന്റ് പ്ലീഡർ, ലൈബ്രറി കൗൺസിൽ പ്രതിനിധി, ജില്ലാ പോലീസ് മേധാവികൾ,<br>ബന്ധപ്പെട്ട ജില്ലയിലെ ബഹു.എം.പി/എം.എൽ.എ. ......... |

| തദ്ദേശ സ്വയംഭരണ സ്ഥാപനതലം (ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ/ മുൻസിപ്പൽ/പഞ്ചായത്ത്) | |
|---|---|
| ചെയർമാൻ | തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ് |
| കൺവീനർ | സെക്രട്ടറി |
| മെമ്പർമാർ | വാർഡ് മെമ്പർമാർ, പഞ്ചായത്ത്തല മിഷൻ കോ-ഓർഡിനേറ്റർമാർ, സ്കൂൾ കോളേജ് തലവൻമാർ, കുടുംബശ്രീ കോ-ഓർഡിനേറ്റർമാർ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ ഭാരവാഹികൾ, വായനശാല ഭാരവാഹികൾ, വാളണ്ടിയർമാർ .................................................. തുടങ്ങിയവർ |

| വാർഡ്തലം (ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ/മുൻസിപ്പൽ/പഞ്ചായത്ത്) | |
|---|---|
| ചെയർമാൻ | തദ്ദേശത്തെ പൗരമുഖ്യൻ |
| കൺവീനർ | വാർഡ് മെമ്പർ |
| മെമ്പർമാർ | കുടുംബശ്രീ, അംഗൻവാടി, ആശ പ്രവർത്തകർ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ. |

**ഭരണതലം-സ്റ്റേറ്റ്**

| | |
|---|---|
| മിഷൻ ചെയർമാൻ: | ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| എക്സിക്യൂട്ടീവ് ഡയറക്ടർ: | സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തലത്തിൽ കുറയാത്ത ഉദ്യോഗസ്ഥൻ |
| | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, പ്രോഗ്രാം മാനേജർ, പബ്ലിക് റിലേഷൻസ് ഓഫീസർ, റിസർച്ച് ഓഫീസർ, പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ ആവശ്യമായ മറ്റു സ്റ്റാഫ് അംഗങ്ങൾ. |

**ഭരണതലം-ജില്ല**

| | |
|---|---|
| എക്സിക്യൂട്ടീവ് ഡയറക്ടർ: | ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ |
| | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ആവശ്യമായ മറ്റു സ്റ്റാഫ് അംഗങ്ങൾ. |

**മിഷൻ അമ്പാസിഡർ: ശ്രീ. സച്ചിൻ ടെണ്ടുൽക്കർ**

**അനുബന്ധം- II**

# മിഷന്റെ പ്രവർത്തനങ്ങൾ

## സാമൂഹികം

a) വിവിധ രൂപത്തിലുള്ള വൈകാരിക, മാനസിക, സ്വഭാവപരമായ പ്രശ്നങ്ങളാണ് പിന്നീട് ദുശ്ശീലങ്ങളിലേക്ക് വലിയൊരളവോളം നയിക്കുന്നത് എന്നിരിക്കെ കുട്ടികളിലെ പ്രശ്നങ്ങളെ ചെറിയ പ്രായത്തിൽ തന്നെ ക ണ്ടെത്തി ആവശ്യമായ പരിചരണം ലഭ്യമാക്കുന്നതിന് രക്ഷിതാക്കളെ ബോധവൽകരിക്കുന്നതിനും പ്രാപ്തമാക്കുന്നതിനും റസിഡന്റ് അസോസിയേഷൻ, കുടുംബശ്രീ തുടങ്ങിയ സംവിധാനങ്ങളുടെ ഇടപെടൽ.

b) നിലവിൽ മദ്യ-മയക്കുമരുന്ന്, പുകയില ഉപയോഗത്തിനെതിരെ പ്രവർത്തിക്കുന്ന സർക്കാർ/ സർക്കാരിതര സംഘടനകളുടെ കൂട്ടായ്മകളെ ക്രോഡീകരിച്ചു കൊ ണ്ടുള്ള പ്രവർത്തനങ്ങൾ.

c) മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ജീവിതത്തിൽ തിരിച്ചടിയേൽക്കേണ്ടി വന്നവരെ ഉൾപ്പെടുത്തി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ റിയാലിറ്റി പരിപാടികൾ.

d) ശ്രീ. സച്ചിൻ ടെണ്ടുൽക്കറെ ബ്രാന്റ് അംബാസിഡറായി പ്രഖ്യാപിക്കുന്ന 'മെഗാ ഷോ'

e) ഹെൽപ്പ്ലൈൻ/ കോൾസെന്റുകൾ

f) തീരദേശ-ആദിവാസി മേഖലകളിലും, കോളനികളിലും പ്രത്യേക ഇടപെടലുകൾ.

g) മദ്യവർജ്ജന കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം

h) വിവിധ മധ്യവർജ്ജന സമിതി പ്രവർത്തകരുടെ ഏകോപനവും പ്രവർത്തനവും

## ക്രിയാത്മകമായ ചുവടുവയ്പ്പുകൾ

a) മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ മ്യൂസിക് കൂട്ടായ്മകൾ, മ്യൂസിക് ബ്രാന്റുകൾ, ഫ്‌ളാഷ്മോബ്

b) റോഡ്ഷോകൾ, സൈക്കിൾ റാലികൾ, പതാകദിനം, മാരത്തോൺ തുടങ്ങിയവ

c) ഡോക്യുമെന്ററി/ ചലച്ചിത്ര പ്രദർശനങ്ങൾ, മത്സരങ്ങൾ, വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ.

d) വിവിധ യുവജന സംഘടനകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ (കളരി, കരാട്ടെ, ഫിറ്റ്നസ്, യോഗ) തുടങ്ങിയവ ഉൾപ്പെടുത്തി യുവതലമുറയെ ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകൽ.

## സ്കൂൾ/ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾതല പ്രവർത്തനങ്ങൾ

വിദ്യാലയങ്ങളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് രൂപം നൽകുകയും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുന്ന നടപടികൾ.

a) കുട്ടികളിലെ സ്വഭാവ-വൈകാരിക - മാനസിക പ്രശ്നങ്ങളെ നേരത്തെ കണ്ടെത്തി പരിചരണം ലഭ്യമാക്കി അവരിൽ ദുശ്ശീലങ്ങൾ ഉടലെടുക്കുന്നത് തടയുന്നതിന് സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതിയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള ഇടപെടലുകൾ.

b) സ്വഭാവ വ്യതിയാനം സംഭവിച്ച കുട്ടികൾക്ക് സൗഹൃദവും ദിശാബോധവും നൽകുന്നതിന് പ്രത്യേക പരിപാടി.

c) പാരലൽ കോളേജുകൾ, സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവ ഉൾപ്പെടുത്തി പ്രത്യേക സംവിധാനങ്ങൾ.

d) സെമിനാറുകൾ, കമ്മ്യൂണിറ്റി പ്രോജക്ടുകൾ, സംവാദം തുടങ്ങിയവ.

e) രക്ഷാകർത്താക്കൾക്കായി പ്രത്യേക പാരന്റിംങ്ങ് പരിപാടികൾ.

f) തീരദേശം ട്രൈബൽ മേഖലകളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ നൈപുണ്യ വിദ്യാഭ്യാസം.

## വിവരവ്യാപന സംവിധാനങ്ങൾ

a) നവസാമൂഹ്യ മാധ്യമങ്ങളിലൂടെ കാമ്പയിനുകൾ.

b) ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെയും റേഡിയോയിലൂടെയും പ്രചാരണം.

c) സിനിമാ തീയേറ്ററുകൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വിജ്ഞാനപ്രദവും ആകൃഷ്ടവുമായ ചിത്രങ്ങളും വാകൃങ്ങളും.

## മദ്യവും-മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ

a) മദ്യം-മയക്കുമരുന്ന്, പുകയില ഉപയോഗത്തിന് അടിമപ്പെട്ട കുട്ടികൾക്കും, വിവിധ സ്വഭാവ ദൂഷ്യങ്ങളുള്ള കുട്ടികൾക്കും റഫറൽ അടിസ്ഥാനത്തിൽ വിദഗ്ധരുടെ സഹായം ലഭിക്കുന്നതിന് ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കലും പ്രവർത്തനങ്ങളും.

b) സർക്കാർ ഉടമസ്ഥതയിൽ ജില്ലയിൽ ഒന്ന് എന്ന രീതിയിൽ ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ടത്തി ഡീ-അഡിക്ഷൻ സെന്റർ (24 x 7 കെയർ സെന്ററുകൾ) നിലവിലുള്ള സെന്ററുകളുടെ ഏകോപനവും പ്രവർത്തനം ശക്തിപ്പെടുത്തലും .

c) മദ്യം-മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവരെ നേരത്തേ ക ണ്ടെത്തി ജില്ലാ റിസോഴ്സ് സെന്ററുകളുടെയും ഡീ-അഡിക്ഷൻ സെന്ററുകളുടെയും നേതൃത്വത്തിൽ അവരെ തിരുത്തുന്നതിനുള്ള സംവിധാനങ്ങൾ.

d) ജില്ലാ റിസോഴ്സ് സെന്ററുകളുടെയും ഡീ-അഡിക്ഷൻ സെന്ററുകളുടെയും നേതൃത്വത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ട പ്രദേശങ്ങളേയും ജനവിഭാഗങ്ങളേയും ലക്ഷ്യം വച്ചുള്ള പ്രത്യേക പ്രവർത്തനങ്ങൾ. ഇത്തരം മേഖലകളിൽ ബോധവൽക്കരണ വിദ്യാഭ്യാസവും വിവിധ കായിക ഇനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സംരംഭങ്ങൾ.

e) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക പരിശീലന ബോധവൽകരണ പ്രവർത്തനങ്ങളും ക്ലാസുകളും.

**നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.**

ആന്റി നർക്കോട്ടിക് സ്ക്വാഡിനെ ഉപയോഗപ്പെടുത്തി മയക്കുമരുന്ന് പദാർത്ഥങ്ങളുടെയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെയും വിതരണത്തിന്റെ വേരറുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

a) നിരോധിത ഉത്പന്നങ്ങളും പദാർത്ഥങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനെകുറിച്ചും കടത്തുന്നതിനെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കൽ.

b) നിരോധിത വസ്തുക്കളും പദാർത്ഥങ്ങളും കച്ചവടം നടത്തുന്നവരെ സദാ നിരീക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ.

c) നിരോധിത വസ്തുക്കളേയും പദാർത്ഥങ്ങളേയും കുറിച്ചുള്ള തിരച്ചിൽ നടത്തുന്നതിനും പിടിച്ചെടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കാനും ആന്റി നാർക്കോട്ടിക് സ്ക്വാഡിന്റെ സഹായം ഓരോ പ്രദേശത്തെയും പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തൽ.

d) നിരോധിത വസ്തുക്കളും നാർക്കോട്ടിക് പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലനവും സഹായവും ലഭ്യമാക്കൽ.

**പുനരധിവാസം**

a) മദ്യം-മയക്കുമരുന്ന് തുടങ്ങിയവ വർജ്ജിച്ചവരുടെ കൂട്ടായ്മകൾ, യോഗങ്ങൾ, അനുഭവം പങ്കുവയ്ക്കുന്ന കൂട്ടായ്മകൾ ഇവരെ കാമ്പയിന്റെ റിസോഴ്സ് പേഴ്സൺമാരാക്കി മാറ്റാനുള്ള പരിശീലനങ്ങൾ.

b) ലഹരി വർജ്ജനത്തിന് തയ്യാറുള്ളവരുടെയും സാദ്ധ്യമായവരുടെയും കൂട്ടായ്മയും കൗൺസലിങ്ങും തുടങ്ങിയ പരിപാടികൾ.

c) സമൂഹത്തിന്റെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തി 'വ്യക്തിത്വ വികാസ്' പരിപാടികൾ.

d) കുടുംബാടിസ്ഥാനത്തിൽ കൗൺസിലിംഗ് പ്രവർത്തനങ്ങൾ.

**അവലോകനം**

a) തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിലും ജില്ലാ തലത്തിലും രൂപീകരിക്കുന്ന കമ്മിറ്റികൾ മാസംതോറും പ്രവർത്തനങ്ങൾ വിലയിരുത്തും.

b) സംസ്ഥാന സമിതികൾ 3 മാസത്തിലൊരിക്കൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

c) അവലോകനത്തിനായി പ്രത്യേക സോഫ്റ്റ്വെയർ

അനുബന്ധം- III

# ആക്ഷൻ പ്ലാൻ

| | | |
|---|---|---|
| സംസ്ഥാന തലം | * മിഷൻ പ്രഖ്യാപനം<br>* മിഷൻ ഐക്കൺ ആയി സച്ചിൻ ടെണ്ടുൽക്കറെ പ്രഖ്യാപിക്കൽ – 'മെഗാഷോ'<br>* ലോഗോ പ്രകാശനം (മിഷന്റെ ഉപയോഗത്തിന് ഉചിതമായ ലോഗോ പത്ര പരസ്യം വഴി ക്ഷണിക്കുന്നതും തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് പാരിതോഷികം നൽകുന്നതാണ്) | 2016 ഒക്ടോബർ/നവംബർ |
| ജില്ലാ തലം | ഉൽഘാടനം | ഒക്ടോബർ/നവംബർ (ഒരു മന്ത്രിക്ക് ഒരു ജില്ല യുടെ ചുമതല) |
| ബ്ലോക്ക്/കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലം | | നവംബർ |
| ഗ്രാമ പഞ്ചായത്ത്/ വാർഡ്തലം | | ഡിസംബർ |
| | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിജ്ഞ | ഡിസംബർ 2-ാം വാരം |
| | പതാക ദിനം (വിദ്യാർത്ഥികൾ വീടുകളിൽ ഗ്രൂപ്പുകളായി ചെന്ന് പതാകയും ബ്രോഷറും കൈമാറും) | 2017 ജനുവരി 1 |
| | ഗൃഹ സന്ദർശനം | ജനുവരി |

സെക്ഷൻ ആഫീസർ